**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.**4966** **14/11/2019 ൽ മറുപടിക്ക്**

# തെറ്റായ പോക്കുവരവ് റദ്ദുചെയ്യാൻ നടപടി

**ചോദ്യം**

**ശ്രീ.ചിറ്റയം ഗോപകുമാർ**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ വില്ലേജ് റീസർവ്വേ ബ്ലോക്ക് നമ്പർ 10-ലെ റീസർവ്വേ നമ്പർ 278/1-ൽപ്പെട്ട 7 ആർ 70 ച.മീറ്റർ സ്ഥലം പത്തനംതിട്ട എസ്.ആർ.ഒ.യിലെ 1783/2016 നമ്പർ ധനനിശ്ചയപ്രകാരം നടത്തിയ കൈമാറ്റാധാരത്തിൽ ഏതെങ്കിലും തരത്തിലുള്ള പിശക് കണ്ടെത്തിയിട്ടുണ്ടോ; | (എ) യും (ബി) യും | ടി ആധാരത്തിലെ സർവ്വെ നമ്പരും വിസ്തീർണ്ണവും ചേർത്ത് തയ്യാറാക്കിയ മറ്റൊരു ധനനിശ്ചയാധാരം പോക്കുവരവ് ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ആധാരം പോക്കുവരവ് ചെയ്യുവാൻ നിർവ്വാഹമില്ല എന്ന് അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ആധാരം പോക്കുവരവ് ചെയ്യുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ, പിശകായി മറ്റൊരു ആധാരം തയ്യാറാക്കി ആയത് പോക്കുവരവ് ചെയ്ത് നൽകിയതിനാൽ ശരിയായ റീസർവ്വേ നമ്പരിലുള്ള ആധാരം പോക്കുവരവ് ചെയ്യാൻ നിർവ്വാഹമില്ല എന്ന മറുപടി അപേക്ഷകന് നൽകിയിട്ടുണ്ടോ-യെന്ന് വ്യക്തമാക്കുമോ; | | |
| (സി) | റീസർവ്വേ നമ്പർ, കൈവശം, വിസ്തീർണ്ണം ആയവ ബോധ്യപ്പെട്ട് പോക്കുവരവ് ചെയ്യേണ്ട ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അനാസ്ഥമൂലം സംഭവിച്ച തെറ്റായ പോക്കുവരവ് റദ്ദ് ചെയ്യേണ്ട ഉത്തരവാദിത്തം സർക്കാരിൽ നിക്ഷിപ്തമാണോ യെന്ന് വ്യക്തമാക്കാമോ; | (സി) | ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം സംഭവിക്കുന്ന തെറ്റായ പോക്കുവരവ് റദ്ദ് ചെയ്യുന്നതിന് ആർ.ഡി.ഒ യ്ക്ക് അപ്പീലും ജില്ലാ കളക്ടർക്ക് റിവിഷൻ ഹർജിയും നൽകാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഉത്തരവാദിത്തപ്പെട്ട ജീവനക്കാരുടെ പിഴവ് മൂലം സംഭവിച്ച തെറ്റായ പോക്കുവരവ് റദ്ദ് ചെയ്യുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ഡി) | ഉത്തരവാദപ്പെട്ട ജീവനക്കാരുടെ പിഴവ് മൂലം സംഭവിച്ച തെറ്റായ പോക്കുവരവ് റദ്ദ് ചെയ്യുന്നതിന് നിലവിൽ തടസ്സങ്ങൾ ഇല്ല. എന്നാൽ മേൽ കേസിൽ തണ്ടപ്പേർ കക്ഷിയുടെ പേരിൽ ഉണ്ടായിരുന്ന വസ്തു ടിയാൻ തന്നെ മകന്റെ പേരിൽ എഴുതി നൽകിയ ശേഷം പോക്കുവരവ് ചെയ്തു നൽകി. തുടർന്ന് ടി വസ്തു തന്നെ മകളുടെ പേരിൽ ആധാരം നടത്തുകയും, ടി ആധാരത്തിൽ മുൻപ് നടത്തിയ ആധാരത്തെക്കുറിച്ച് പരാമർശിച്ചിട്ടില്ലാത്തതുമാണ്. ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടതിൽ അവകാശ തർക്കം നിലനിൽക്കുന്നതിനാൽ പോക്കുവരവ് റദ്ദ് ചെയ്യാൻ കഴിയുകയില്ല. |
| (ഇ) | റീസർവ്വേ റിക്കാർഡിൽ ജീവനക്കാരുടെ ശ്രദ്ധക്കുറവ് മൂലം സംഭവിച്ചിട്ടുള്ള തെറ്റായ പോക്കുവരവ് അടിയന്തരമായി റദ്ദ് ചെയ്യുമോ; | (ഇ) | റീസർവ്വേ റിക്കാർഡിൽ ഉണ്ടാകുന്ന പിശകുകകൾ സർവ്വേയർമാർ മുഖേന പരിശോധന നടത്തി പരിഹരിച്ചുവരുന്നു. എന്നാൽ മേൽ വിഷയം റീസർവ്വേ റിക്കാർഡിലെ പിശകുമൂലം സംഭവിച്ചതല്ല. |
| (എഫ്) | പ്രസ്തുത വിഷയത്തിന്മേൽ അടൂർ എം.എൽ.എ. 2017-ൽ നൽകിയ നിവേദനത്തിന്മേൽ പത്തനംതിട്ട ജില്ലാ കളക്ടർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി വിവരം ലഭ്യമാക്കുമോ? | (എഫ്) | ടി നിവേദനം തുടർ നടപടികൾക്കായി താലൂക്ക് ഓഫീസിൽ ലഭ്യമാക്കിയിട്ടുള്ളതും, വില്ലേജാഫീസറുടെ റിപ്പോർട്ടിന്റെയും സ്ഥലപരിശോധനയുടെയും അടിസ്ഥാനത്തിൽ കക്ഷികളെ നേരിൽ കേട്ടിട്ടുള്ളതും മൊഴി രേഖപ്പെടുത്തി യിട്ടുള്ളതുമാണ്. ആയതിൽ നിന്നും അവകാശതർക്കം നിലനിൽക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതും ടി വിഷയത്തിൽ സിവിൽ കോടതി മുഖേനയേ തീർപ്പുകൽപ്പിക്കുവാൻ കഴിയുകയുള്ളൂയെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ കക്ഷികളെ ടി വിവരം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ